192/85/ആർ.ഡി.യിലും നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രസ്തുത ഉത്തരവുകളിൽ 'കുടുംബം' എന്ന് നിർവ്വചിച്ചിരിക്കുന്നവരുടെ വരുമാനമാണ് കണക്കാക്കി വരുന്നത്. കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടേയും പേര് സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം നാളിതുവരെ സർക്കാരിന്റെ പരിഗണനയിലില്ല.

ഇടുക്കി വില്ലേജിലെ പട്ടയഭൂമി കൈമാറ്റത്തിന് നേരിടുന്ന തടസ്സങ്ങൾ

210(3817) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വില്ലേജിലെ പട്ടയ ഭൂമി കൈമാറ്റം ചെയ്യുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ നൽകുന്ന എൻ.ഒ.സി. ആവശ്യമാണെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭൂമി കൈമാറ്റത്തിന് ഇപ്രകാരം ഒരു വ്യവസ്ഥ ഉൾപ്പെടുത്താൻ ഇടയാക്കിയ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറ്റം സംബന്ധിച്ച് ഇപ്രകാരം ഏർപ്പെടുത്തിയ വ്യവസ്ഥമൂലം സാധാരണക്കാർക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി വില്ലേജിലെ പട്ടയ ഭൂമി കൈമാറ്റത്തിന് ആർ.ഡി.ഒ..യുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ഇടുക്കി വില്ലേജിൽ വ്യാജ പട്ടയമുണ്ടാക്കി റവന്യൂ രേഖകളിൽ ചേർത്ത് ബാങ്കുകളിൽനിന്നും വായ്പ തട്ടിയെടുക്കുന്നുണ്ടെന്ന് അന്വേഷണങ്ങളിൽ കണ്ടെത്തിയതിനെ തുടർന്നാണ് ഇത്തരമൊരു നടപടി സ്വീകരിച്ചത്.

(സി) ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

അന്വേഷണ ഏജൻസികളെ സഹായിക്കുന്ന റവന്യൂ, സർവ്വേ വകുപ്പ് ജീവനക്കാർ

211(3818) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും അന്വേഷണ ഏജൻസികളെ സഹായിക്കുന്നതിന് റവന്യൂ, സർവ്വെ വകുപ്പിലെ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ജീവനക്കാരെ ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളതെന്നും ഏതു കാലാവധിവരെയാണ് നിയമിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) ഈ കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ചവർ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) & ബി) ഉണ്ട്. റവന്യൂ വകുപ്പിൽ കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ മൂക്കുന്നിമലയിൽ അനധികൃത പാറഘനനം സംബന്ധിച്ച് വിജിലൻസ് അഴിമതി നിരോധന ബ്യൂറോ രജിസ്റ്റർ ചെയ്ത കേസ്സിൽ വിജിലൻസിനെ സഹായിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്ക് സർവ്വേയറായ ശ്രീ. സുരേഷ് കുമാർ ആർ. വി., പള്ളിച്ചൽ വില്ലേജിലെ സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. രാഹുൽ കുമാർ, ഓഫീസ് അറ്റൻഡന്റുമാരായ ശ്രീ. നെൽസൺ, ശ്രീ. സേവ്യർ എന്നിവരെ നിയോഗിച്ചിരുന്നു. സുരേഷ് കുമാർ ഒഴികെയുള്ള ജീവനക്കാർ വകുപ്പിൽ തിരികെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് നിയമിച്ചിട്ടുള്ളത്.

സർവ്വേയും ഭൂരേഖയും വകുപ്പിൽ മാനന്തവാടി റീസർവ്വേ സൂപ്രണ്ടായ ശ്രീ. അജിത് കുമാർ ആർ.ജി. എന്നയാളെ സി.ബി.ഐ. യുടെ RC 04 (E)/2014 നമ്പർ കേസ് അന്വേഷണത്തിനായി നിയോഗിച്ചിട്ടുണ്ട്. സി.ബി.ഐ. യുടെ അഭ്യർത്ഥന പ്രകാരം കേസന്വേഷണത്തിൽ സഹായിക്കുന്നതിനാണ് രണ്ട് മാസത്തേയ്ക്ക് ടിയാളുടെ സേവനം വിട്ടുകൊടുത്തത്.

(സി) ഉണ്ട്. സർവ്വേ വകുപ്പിൽ ശ്രീ. അജിത് കുമാർ ആർ.ജി. ഹെഡ്സർവ്വെയറായി ജോലി നോക്കിയിരുന്ന കാലയളവിൽ 26-6-2014 മുതൽ സി.ബി.ഐ. യിലെ RC04/(E)/2014 നമ്പർ കേസ് അന്വേഷണത്തിനായി സഹായിച്ചുവരുന്നു. സർവ്വെ ഡയറക്ടറുടെ 30-11-2016-ലെ ജി4-43/13 നമ്പർ ഉത്തരവ് പ്രകാരം ടിയാന് മാനന്തവാടി റീസർവ്വേ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി. എന്നാൽ സി.ബി.ഐ. യുടെ അഭ്യർത്ഥന അനുസരിച്ച് ടിയാളുടെ സേവനം രണ്ട് മാസത്തേയ്ക്ക് കൂടി സി.ബി.ഐ.-ക്ക് വിട്ട് നൽകിയിരുന്നു.

റവന്യൂ വകുപ്പിൽനിന്നും അന്വേഷണ ഏജൻസികളെ സഹായിക്കുന്നതിന് നിയോഗിക്കപ്പെട്ട ആർക്കും തന്നെ പ്രസ്തുത കാലയളവിൽ സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly